## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ:6390 08/07/2014 ൽ മറുപടിയ്ക്ക്

### വനം വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ പ്രൊമോഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എ.അസീസ്<br>ശ്രീ.കോവൂർ കുഞ്ഞുമോൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) കെ.എസ്.&എസ്.എസ്.ആർ ഭാഗം II-ലെ ചട്ടം 13 AA, ചട്ടം 13A(1)(a), ചട്ടം 13A(2) പ്രകാരം എന്ന് മുതൽക്കാണ് വനം വകുപ്പിൽ ടെസ്റ്റ് യോഗ്യത നേടാത്ത മിനിസ്റ്റീരിയൽ ജീവനക്കാർക്ക് പ്രൊമോഷൻ നൽകി തുടങ്ങിയത്; | (എ) വനം വകുപ്പിൽ 08/06/2005 മുതലാണ് കെ.എസ്.&എസ്.എസ്.ആർ ഭാഗം II ചട്ടം 13 AA, ചട്ടം 13A(1)(a), ചട്ടം 13A(2) ചട്ടപ്രകാരം ടെസ്റ്റ് യോഗ്യത നേടാത്ത മിനിസ്റ്റീരിയൽ ജീവനക്കാർക്ക് പ്രൊമോഷൻ നൽകി തുടങ്ങിയത്. |
| ബി) നാളിതുവരെ എത്രപേർക്ക് പ്രസ്തുത നിയമപ്രകാരം പ്രൊമോഷൻ നൽകി; | ബി) വനം വകുപ്പിൽ നാളിതുവരെ 19 പേർക്ക് ഇപ്രകാരം പ്രൊമോഷൻ നൽകിയിട്ടുണ്ട്. |
| സി) പ്രസ്തുത ഉത്തരവ് നിലവിൽ വന്ന ശേഷം വനം വകുപ്പിൽ ടെസ്റ്റ് യോഗ്യത നേടാത്ത എല്ലാ പട്ടിക ജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്കും ഈ നിയമത്തിന്റെ പരിധിയിലുൾപ്പെടുത്തി യഥാസമയം പ്രൊമോഷൻ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | സി) പട്ടിക ജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥനാണെന്നും ടെസ്റ്റ് പാസ്സാകുന്നതിൽ ഇളവ് നേടി പ്രൊമോഷൻ ലഭിക്കുന്നതിനു അർഹനാണെന്നും അറിയിച്ചു കൊണ്ട് പ്രസ്തുത ഉദ്യോഗസ്ഥന്റെ സർവ്വീസ് വിവരങ്ങൾ ബന്ധപ്പെട്ട |

(........2)

ഓഫീസ് മേധാധികാരികൾ മുഖേന നിയമനാധികാരിക്ക്, യഥാസമയം ശുപാർശ ലഭിച്ച ഉദ്യോഗസ്ഥർക്ക് സീനിയോറിറ്റിയുടെയും അർഹതയുടെയും അടിസ്ഥാനത്തിൽ യഥാസമയം സ്ഥാനക്കയറ്റം അനുവദിച്ച് വരുന്നു.

ഡി) 24/02/2012 — ലെ 8130/ഉ.പ.സി3/2010/ഉഭപവ സർക്കുലറിന്റെ വെളിച്ചത്തിൽ മേൽ പ്രകാരമുള്ള ആനുകൂല്യം ലഭിക്കാതിരുന്ന എത്ര പേർ പുന:പരിശോധനയ്ക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ?

ഡി) വനം വകുപ്പിലെ ഇടുക്കി വൈൽഡ് ലൈഫ് ഡിവിഷനിൽ ക്ലാർക്കായി സേവനമനുഷ്ഠിക്കുന്ന ശ്രീ. കെ. എൻ. സുരേഷ് കുമാർ, താൻ പട്ടിക ജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജീവനക്കാരനായതിനാൽ സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള നിർബന്ധിത വകുപ്പുതല ടെസ്റ്റ് പാസ്സാകുന്നതിൽ നിന്നും താല്ക്കാലിക ഇളവ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് സമർപ്പിച്ച അപേക്ഷ പരിശോധിച്ച് വരികയാണ്. ചട്ടപ്രകാരം താത്ക്കാലിക സ്ഥാനക്കയറ്റത്തിന് അർഹരായ ആരുടെയും അപേക്ഷ നിരസിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ